**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **38**

**03.02.2020 ൽ**

**മറുപടിയ്ക്ക്**

## ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് അനുവദിക്കുന്നതിന് സ്വീകരിച്ചി- ട്ടുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; അറിയിക്കുമോ;<br><br>(ബി) ഇതിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭിക്കുന്നതിന് വലിയ കാലതാമസം സംഭവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സർക്കാർ 23.08.2017 ലെ സ.ഉ (സാധാ) നം.2080/2017/ ആഭ്യന്തരം നമ്പർ പ്രകാരം 10 കോടി രൂപയുള്ള ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ ഹൈക്കോടതിയുമായി ചർച്ച നടത്തി ഡ്രോയിംഗ് തയ്യാറാക്കിയെങ്കിലും ആയതിൽ വീണ്ടും ഹൈക്കോടതി ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം തയ്യാറാക്കിയ ഫൈനൽ ഡ്രോയിംഗിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നുണ്ട്. |
| (സി) കാലതാമസം വരുന്നത് ഒഴിവാക്കി ചാലക്കുടി കോടതി സമുച്ചയ നിർമ്മാണം ആരംഭിക്കുന്ന- തിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) സാങ്കേതിക അനുമതിയുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കി ആയതിന് അനുമതി നൽകിയശേഷം മാത്രമെ ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ